കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - പ്രോജക്റ്റ് നം. 157 - മെച്ചപ്പെട്ട വിദ്യാഭ്യാസം (അടങ്കൽ 20 ലക്ഷം രൂപ) - അംഗീകാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.715/2018/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി, 14/03/2018.

---

വായന:- 1. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03/10/2017 ലെ P1 -315/2017/TDP നം. കത്ത്.

2. 17/01/18 -ലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.12 നമ്പർ തീരുമാനം.

3. 01/03/2018 ലെ 11/ഡിബി1/2018/തസ്വഭവ നം. സർക്കാർ കത്ത്

4. 06/02/2018-ലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.10 നമ്പർ തീരുമാനം.

## ഉത്തരവ്

നാലാം ക്ലാസ്സിൽ കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് രക്ഷകർത്താക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെ ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുകയെന്ന ലക്ഷ്യത്തിലേയ്ക്കായി കുട്ടികളുടെ ട്യൂഷൻ ഫീസ്, പഠനോപകരണങ്ങൾ, യൂണിഫോം, താമസം, ആഹാരച്ചെലവ്, വർഷത്തിൽ മൂന്നുതവണ വീട്ടിൽപോയി വരുന്നതിന് യാത്രാചെലവ് എന്നിവ നല്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസം (പ്രോജക്റ്റ് നം. 157) എന്ന പ്രോജക്റ്റിന് അംഗീകാരം നല്കണമെന്ന് വായന (1) പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ വായന (2) ലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് തേടി സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് വായന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

06/02/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം വീണ്ടും പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നാലാം ക്ലാസ്സിൽ കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് രക്ഷകർത്താക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെ ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുകയെന്ന ലക്ഷ്യത്തിലേയ്ക്കായി കുട്ടികളുടെ ട്യൂഷൻ ഫീസ്, പഠനോപകരണങ്ങൾ, യൂണിഫോം, താമസം, ആഹാരച്ചെലവ്, വർഷത്തിൽ മൂന്നു തവണ വീട്ടിൽപോയി വരുന്നതിന് യാത്രാചെലവ് എന്നിവ നല്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസം (പ്രോജക്റ്റ് നം. 157) എന്ന പ്രോജക്റ്റിന് വായന (3) ലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ